**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4489** **18-03-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കുടിശിക ഇനത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും വിരമിച്ച ക്ഷേത്ര ജീവനക്കാരുടെ 36% ഡി എ കുടിശ്ശിക ബിൽ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. ആയതു പൂർത്തിയാകുന്ന മുറക്കേ പെൻഷൻ കുടിശ്ശിക ഇനത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാകുകയുള്ളൂ. |
| (ബി) | ദേവസ്വം ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും ഏതൊക്കെ ആനുകൂല്യങ്ങളുടെ കുടിശിക വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാർക്കും ക്ഷേത്രജീവനക്കാർക്കും പേ റിവിഷൻ അരിയറും, ക്ഷേത്രജീവനക്കാർക്ക് ഡി എ 36% അരിയറും വിതരണം ചെയ്യാനുണ്ട്. |
| (സി) | കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ നിത്യ ചെലവിനുള്ള വരുമാനം ലഭിക്കുന്ന എത്ര ക്ഷേത്രങ്ങളുണ്ടെന്നും നിത്യ ചെലവിനുള്ള വരുമാനം ലഭിക്കാത്ത എത്ര ക്ഷേത്രങ്ങളുണ്ടെന്നും വ്യക്തമാക്കുമോ; നിത്യ ചെലവിനുള്ള വരുമാനം ലഭിക്കാത്ത ക്ഷേത്രങ്ങൾക്കെല്ലാം ദേവസ്വം ബോർഡിന് ധനസഹായം നൽകുവാൻ സാധിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിൽ ആകെ 409 ക്ഷേത്രങ്ങൾ ഉള്ളതിൽ നിത്യചെലവിനു വരുമാനം ലഭിക്കുന്ന 49 ക്ഷേത്രങ്ങളും നിത്യചെലവിന് വരുമാനം ലഭിക്കാത്ത 360 ക്ഷേത്രങ്ങളും ആണ് ഉള്ളത്. നിത്യചെലവിനുള്ള വരുമാനം ലഭിക്കാത്ത ക്ഷേത്രങ്ങൾ ഉൾപ്പെടെ കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളുടേയും ചെലവുകൾ ദേവസ്വം ബോർഡ് വഹിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ